**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.05.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.04.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 110 തദ്ദേശഭരണസ്ഥാപനങ്ങൾ 551.20 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 93 ഗ്രാമപഞ്ചായത്തുകൾ 409.66 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 17 ബ്ലോക്ക് പഞ്ചായത്തുകൾ 141.54 കോടി രൂപയുടെ പ്രോജക്ടുകൾക്കുമാണ് അംഗീകാരം നേടിയതെന്ന് കാണുകയുണ്ടായി.

**2.2** ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗിച്ച് തെരുവുവിളക്ക് പരിപാലനം നടത്തുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ ഇപ്പോൾ അനുമതി നൽകി വരുന്നുണ്ടെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച് ഓരോ ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ഡയറക്ടറെ സമീപിക്കുന്നത് കാലതാമസം വരുത്തുമെന്നും അതിനാൽ അതത് പഞ്ചായത്ത് സമിതിക്ക് തന്നെ ഇക്കാര്യത്തിൽ തീരുമാനം എടുക്കത്തക്ക വിധത്തിൽ പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്തുകൾക്ക് പൊതു മാർഗരേഖ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

**2.3** എയ്ഡഡ് സ്ക്കൂളുകളിലെ കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണത്തിന് പാത്രം നൽകാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിച്ച് തീരുമാനിച്ചു. കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ഉച്ചക്കഞ്ഞി എന്നിവയ്ക്കുള്ള സഹായം സർക്കാർ സ്ക്കൂളുകൾക്ക് പുറമെ എയ്ഡഡ് സ്ക്കൂളിലെ കുട്ടികൾക്കും ഏർപ്പെടുത്തുന്നതിന് പഞ്ചായത്തുകളെ അനുവദിച്ച് തീരുമാനിച്ചു.

**2.4** അനുവദിക്കപ്പെട്ട തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിൽ അത് നികത്തുന്നതിന് പ്രാദേശികമായി ഹോണറേറിയം വ്യവസ്ഥയിൽ എഞ്ചിനീയർമാരെയും ഓവർസീയർമാരെയും നിയമിക്കുന്നതിന് നിലവിൽ ഉത്തരവുണ്ടെന്നും അതിന് മാറ്റം വരുത്തിയിട്ടില്ലെന്നും നിരീക്ഷിച്ചു. ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അവർക്കുള്ള വേതനം നൽകാവുന്നതാണെന്നും നിർദ്ദേശിച്ചു.

**2.5** കണ്ണൂർ ജില്ലാ പഞ്ചായത്ത്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എന്നിവർ ഇ-ടെണ്ടർ സംബന്ധമായി സമർപ്പിച്ച കത്തുകൾ യോഗം ചർച്ച ചെയ്തു. ഇത് സംബന്ധിച്ചുള്ള കോടതി വിധികൾ പരിശോധിച്ച് ഗുണഭോക്തൃസമിതികൾ മുഖേന ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ തുകയുടെ ഉയർന്ന പരിധി സംബന്ധിച്ച് ശുപാർശ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പു സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ് അംഗം ശ്രീ.സി.പി.ജോൺ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ധനവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ഇ.കെ. പ്രകാശ് എന്നിവർ ഉൾപ്പെട്ട ഉപസമിതിയെ യോഗം ചുമതലപ്പെടുത്തി.

**2.6** 1995-2015 വരെയുള്ള **20** വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 2 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷനുകൾക്ക് 3 ലക്ഷം രൂപയും വികസനഫണ്ട്/തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യോഗം അനുമതി നൽകി. ഇത് സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകുന്നതിന് കിലയെ ചുമതലപ്പെടുത്തി. ഈ മേഖലയിൽ പരിചയമുള്ള വിദഗ്ദ്ധരുടെ ഒരു സമിതി കില ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ഈ പ്രവൃത്തി നടത്തേണ്ടതെന്നും തീരുമാനിച്ചു. രേഖകൾ സൂക്ഷിക്കുന്നതിന് ആർക്കൈവ്സ് സജ്ജമാക്കി ഇലക്ട്രോണിക് ഡോക്യുമെന്റ്സ് സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുന്നതിന് പ്രസ്തുത ഫണ്ടിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ 25000 രൂപ വീതം കിലയ്ക്ക് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 പുളിക്കൽ ഗ്രാമപഞ്ചായത്ത്

**(ബഹു.കൊണ്ടോട്ടി എം.എൽ.എ ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി മുഖേന)**

**(ഫയൽനം. ഐ.ബി.1/83/2015/തസ്വഭവ)**

പൊതു വിഷയം ഇനം 2.2 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 മൂന്നിലവ് ഗ്രാമപഞ്ചായത്ത് ഫയൽനം. ഡി.ഡി.3/2/2015/തസ്വഭവ)

മാർഗരേഖ പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും എൽ.പി.ജി. കണക്ഷൻ നൽകാൻ പാടില്ലാത്തതിനാൽ പട്ടികവർഗ കുടുംബങ്ങൾക്ക് ഗ്യാസ് കണക്ഷൻ നൽകാൻ അനുമതി ആവശ്യപ്പെട്ടത് 25.02.2015-ലെ യോഗത്തിൽ നിരസിച്ചു തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം പുനഃപരി ശോധിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്

**(ഫയൽ നം.168656/ഡി.സി.1/15/തസ്വഭവ)**

ശൗചാലയങ്ങളുടെ നിർമ്മാണത്തിന് നഗരസഭകൾ അധിക ധനസഹായം വകയിരുത്തുന്നത് സംബന്ധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 ബുധനൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ2/2012/2015/തസ്വഭവ)

പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് സബ്സിഡി സംബന്ധമായ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് യോഗം നിർദ്ദേശം നൽകി.

നബാർഡ് -ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം നിർമ്മിച്ച മൂന്ന് അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച കരാറുകാരന് തൽക്കാലം തനത് ഫണ്ടിൽ നിന്ന് ബിൽ തുക നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മാവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. എഫ്.എം.3/31/2015/തസ്വഭവ)**

ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക തനത് ഫണ്ടിൽ നിന്നും നൽകാൻ അനുവദിച്ച തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ചെറുകോൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 8574/ഡി.സി./1/2015/തസ്വഭവ)**

2007–08, 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും നടപ്പിലാക്കാൻ കഴിയാതെ പോയ ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളടെ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ നം. 8657/ഡി.സി.3/2015/തസ്വഭവ)**

2013–14 വാർഷിക പദ്ധതിയിൽ സാക്ഷരത പദ്ധതിയുടെ തുക വകമാറ്റി ചെലവു ചെയ്തതിന് അംഗീകാരം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പട്ടികജാതി /പട്ടികവർഗ വികസന വകുപ്പിൽ നിന്നുള്ള അനൗദ്യോഗിക കുറിപ്പ് (ഫയൽ നം. 16/ഡി.എ1/15/തസ്വഭവ)**

എസ്.സി.പി. ഫണ്ട് പട്ടികജാതി കോളനികൾക്കുള്ളിലെ റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതിൽ ഇളവ് അനുവദിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9താഴെക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഇ–166486/ഡി.എ2/2015/തസ്വഭവ)**

പഞ്ചായത്ത് ഓഫീസിലെ ഭരണ സമിതി മീറ്റിംഗ് ഹാൾ ശീതീകരിക്കുന്നതിന് തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.154/ഡി.ഡി2/15/തസ്വഭവ)**

ബ്ലോക്ക് പരിധിയിലെ കുട്ടികളുടെ ആശുപത്രിയിൽ (Institute of Child Health) വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഐകകണ്ഠേന അംഗീകരിച്ച പ്രമേയത്തിന് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കടനാട് ഗ്രാമപഞ്ചായത്ത്**

പാലിയേറ്റീവ് കെയറിനായി വാങ്ങിയ വാഹനം പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കു കൂടി ഉപയോഗിക്കുന്നതിന് അനുമതി വേണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പിണ്ടിമന ഗ്രാമപഞ്ചായത്ത്**

പട്ടികജാതിക്കാരുടെ ഭവന പദ്ധതിക്കായി 2007–08–ൽ എറണാകുളം ജില്ലാ പഞ്ചായത്ത് അനുവദിച്ച 34 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ ഭൂരഹിത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കാൻ ഉപയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വണ്ടൂർ ഗ്രാമപഞ്ചായത്ത്**

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും സബ്സിഡി നിരക്കിനെക്കാൾ യൂണിറ്റ് ഒന്നിന് 354 രൂപ അധികം ചെലവഴിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകിയതിന് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 നിലമ്പൂർ നഗരസഭ**

പൊതുവിഷയം ഇനം 2.4 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്**

കുടിവെള്ള പദ്ധതിയുടെ തുക വകയിരുത്തി റോഡ് നിർമ്മാണ പ്രോജക്ട് ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രോജക്ട് ഭേദഗതി ചെയ്യാവുന്നതും ഡി.പി.സി.യുടെ അംഗീകാരം നേടാവുന്നതുമാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മൂർക്കനാട് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് പരിധിയിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്തതിനാൽ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിന് പാത്രം നൽകാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

ആർ.ജി.പി.എസ്.എ. പദ്ധതിയിലെ വെർച്വൽ ക്ലാസ്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണമെന്നും പുതിയ നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലെന്നും യോഗം നിർദ്ദേശിച്ചു. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾക്ക് ഡി.പി.സിയുടെ അംഗീകാരം മേയ് 31–നകം ലഭിക്കുമെന്നതിനാൽ ഡി.പി.സി.യുടെ സാധൂകരണത്തിന് വിധേയമായി പദ്ധതി അംഗീകരിക്കണമെന്ന ആവശ്യം പ്രസക്തമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

കുഷ്ഠ രോഗാശുപത്രിയിലെ കട്ടിലുകളും, ലോക്കറുകളും പെയിന്റു ചെയ്യുന്നതിന് ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

പൊതുവിഷയം ഇനം 2.4 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പഞ്ചായത്ത് ഡയറക്ടറുടെ കത്ത് – അയൽസഭ പ്രവർത്തനം സംബന്ധിച്ച്**

അയൽസഭ സംബന്ധിച്ച നിർദ്ദേശങ്ങൾ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 (1) കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് – ഇ-ടെണ്ടർ സംബന്ധിച്ച്**
**(2)കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ കത്ത്-ടെണ്ടർ സംബന്ധിച്ച്**
**(3)പത്തനംതിട്ട ജില്ലാ പഞ്ചായത്ത് -ടെണ്ടർ സംബന്ധിച്ച്**

പൊതുവിഷയങ്ങൾ ഇനം 2.5 തീരുമാനം ബാധകം
(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.50 ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 27.05.2015 ൽ രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**